# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1809 — 07/03/2017-ന് മറുപടിക്ക്

## പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി

**ചോദ്യം**
ശ്രീ.പി.കെ.ശശി

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒഴിവുകളുണ്ടായിരുന്നിട്ടും യഥാസമയം നിയമനം നടത്താതിരിക്കുന്ന കാലാകാലങ്ങളായുള്ള പ്രവണത ഇല്ലാതാക്കാനും വിവിധ തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുവാനും ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു. ഇതിനു പുറമേ ഒഴിവുകൾ ഓൺലൈൻ ആയി റിപ്പോർട്ട് ചെയ്യുന്നതിന് VARAM എന്ന ഒരു സോഫ്റ്റ് വെയർ സംവിധാനം സർക്കാർ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി.യിൽ നിന്നും നിയമനത്തിനായി പ്രസിദ്ധീകരിച്ച എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്നും ഒരോന്നിൽ നിന്നും എത്ര പേർക്ക് നാളിതുവരെ നിയമന ഉത്തരവുകൾ നൽകി എന്നും വ്യക്തമാക്കുമോ ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസിദ്ധീകരിച്ചതും ഒഴിവുകൾ ഉണ്ടായിരുന്നിട്ടും യഥാസമയം നിയമനങ്ങൾ നടത്താത്തതുമായ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഈ സർക്കാർ നീട്ടി നൽകി; ഇപ്രകാരം കാലാവധി നീട്ടിയ റാങ്ക് ലിസ്റ്റിലെ, തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി നിയമനം ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ 3(മൂന്ന്) വർഷക്കാലാവധി പൂർത്തിയാക്കി കാലഹരണപ്പെടുന്നതും നാളിതുവരെ കാലാവധി നീട്ടി നൽകാത്തതുമായ റാങ്ക് പട്ടികകൾ വ്യവസ്ഥകൾക്ക് വിധേയമായി 30.06.2017 (പരമാവധി 6 മാസം) ദീർഘിപ്പിച്ചിട്ടുണ്ട്. വകുപ്പിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകൾ സന്ദർശിച്ച് അവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**